بســم الله الرحمن الرحيم
نحمده ونصلى علي رسوله الكريم. وعلى عبده المسيح الموعود

ഖുത്വ്ബ
5.8.2005
ബൈത്തുൽ ഫുതൂഹ്, ലണ്ടൻ

# അല്ലാഹുവിന് നന്ദി

إِنْ تَكْفُرُوا فَإِنَّ اللّٰهَ غَنِيٌّ عَنْكُمْ وَلَا يَرْضٰى لِعِبَادِهِ
الْكُفْرَ وَإِنْ تَشْكُرُوا يَرْضَهُ لَكُمْ وَلَا تَزِرُ وَازِرَةٌ
وِزْرَ أُخْرٰى ثُمَّ إِلٰى رَبِّكُمْ مَرْجِعُكُمْ فَيُنَبِّئُكُمْ
بِمَا كُنْتُمْ تَعْمَلُونَ إِنَّهُ عَلِيمٌ بِذَاتِ الصُّدُورِ

**ഇ**തിന്റെ അർത്ഥം ഇങ്ങനെയാണ്.

"നിങ്ങൾ നന്ദികേട് കാണിക്കുന്നപക്ഷം, നിശ്ചയമായും അല്ലാഹു നിങ്ങളുടെ ആശ്രയമില്ലാത്ത സ്വയം പര്യാപ്തനാണ്. അവൻ തന്റെ ദാസന്മാർക്ക് നന്ദികേടിനെ ഇഷ്ടപ്പെടുന്നില്ല. നിങ്ങൾ നന്ദി കാണിക്കുന്നെങ്കിൽ, നിങ്ങൾക്ക് അവൻ അതിനെ ഇഷ്ടപ്പെടുന്നു. ഭാരം വഹിക്കുന്ന ഒരാളും മറ്റൊരാളുടെ ഭാരം വഹിക്കുകയില്ല. പിന്നെ നിങ്ങളുടെ നാഥനിലേക്കാണ് നിങ്ങളുടെ മടക്കം. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെപ്പറ്റി അവൻ നിങ്ങൾക്ക് വിവരം അറിയിച്ചുതരുന്നതാണ്. തീർച്ചയായും അവൻ ഹൃദയങ്ങളിൽ മറഞ്ഞുകിടക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് നല്ലവണ്ണം അറിയുന്നവനാകുന്നു." (*39:8*)

കഴിഞ്ഞ ഞായറാഴ്ച യു.കെ.ജൽസ വളരെയധികം ഭംഗിയായി സമാപിച്ചുവെന്നത് അല്ലാഹുവിന്റെ അനുഗ്രഹമൊന്നുമാത്രമാണ്. പുതിയ സ്ഥലത്താണ് ജൽസ അഥവാ സമ്മേളനം നടന്നത്. അത് കെട്ടിടങ്ങളൊന്നുമില്ലാത്ത തുറസ്സായ സ്ഥലമായിരുന്നു. ഒരു സൗകര്യവുമുണ്ടായിരുന്നില്ല. ഇസ്‌ലാമാബാദിലായിരുന്നു മുമ്പേ സമ്മേളനം നടന്നുവന്നിരുന്നത്. അവിടെ നമുക്കുപയോഗിക്കാൻ കുറച്ചു കെട്ടിടങ്ങൾ നിലവിലുണ്ടായിരുന്നു. അവിടെത്തെ കെട്ടിടങ്ങളും ഷെഡ്ഡുകളും നമുക്കു ഉപയോഗിക്കാൻ കഴിഞ്ഞിരുന്നു. എന്നാൽ, ഇപ്പോൾ സമ്മേളനം നടന്ന പുതിയ സ്ഥലത്ത് എല്ലാ സൗകര്യങ്ങളും താൽക്കാലികമായിരുന്നു. ഭക്ഷണം പാചകം ചെയ്യാനുള്ള ഏർപ്പാട് ചെയ്തിരുന്നത് ഇസ്‌ലാമാബാദിലായിരുന്നെങ്കിൽ അത് വിതരണം ചെയ്യാനുള്ള സൗകര്യം പുതിയ സ്ഥലത്തായിരുന്നു. ട്രാഫിക് തടസ്സമുള്ള ഇടുങ്ങിയ വഴിയിലൂടെ 10, 12 മൈൽ ദൂരെ വിതരണത്തിനായി ഭക്ഷണം എത്തിക്കുക എന്നത് വളരെ വിഷമം പിടിച്ച പണിയായിരുന്നു; പുതിയതായിട്ട് ചില പ്രവൃത്തികളും ചെയ്യേണ്ടിവന്നു. മിക്ക പ്രവർത്തകരും പരിചയസമ്പന്നരായിരുന്നില്ല. എന്നാൽ, അല്ലാഹു എല്ലാവരുടേയും പ്രാർത്ഥന കേട്ടു. അവൻ തെറ്റുകളും കുറവുകളും മറച്ചുവെച്ചു. അങ്ങനെ ഈ വാർഷിക സമ്മേളനം അതിന്റെ എല്ലാ അനുഗ്രഹങ്ങളും വാരി വിതറിക്കൊണ്ട് അതിന്റെ സമാപനത്തിലെത്തി. ഇതിന് നാം അല്ലാഹുവിന് എത്ര നന്ദികാണിച്ചാലും കുറവായിരിക്കും. ഈ നന്ദി തന്നെയാണ് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് മാർഗ്ഗമായിത്തീരുന്നത്. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാകുമ്പോൾ അത് ഒരു സത്യവിശ്വാസിയുടെ നന്ദി പ്രകടനത്തിൽ കൂടുതൽ വർദ്ധന ഉണ്ടാക്കുന്നു. അതിലൂടെ അല്ലാഹുവിലേക്കുള്ള വഴിയുടെ കൂടുതൽ വാതിലുകൾ തുറക്കുന്നു. അതിരില്ലാത്ത ഒരു വിഷയമാണിത്. ഭൗതികവസ്തുക്കളോട് ഇതിനെ ഉപമിക്കാൻ പറ്റുകയില്ല. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ പരിമിതപ്പെടുത്താനും സാധിക്കുകയില്ല. ഞാൻ പറഞ്ഞതുപോലെ, നന്ദി രേഖപ്പെടുത്തുന്നതിനോടൊപ്പം ഇതിന്റെ വാതിലുകളും കൂടുതൽ തുറന്നുകൊണ്ടേപോകും. ഇത്തരം ഘട്ടത്തിൽ അല്ലാഹുവിന്റെ മുമ്പിൽ കുനിഞ്ഞുകൊണ്ട്, അവന്റെ നന്ദിയുള്ള ദാസരായിക്കൊണ്ട് പോകുക എന്നതാണ് മനുഷ്യന്റെ ജോലി. കാരണം അല്ലാഹുവിനെ ആവശ്യമായിവരുന്നത് മനുഷ്യനുതന്നെയാണ്. അല്ലാഹുവിന് മനുഷ്യന്റെ ഒരാവശ്യവുമില്ല. ഞാനോതിയ ഖുർആനിക വചനത്തിലും ഈ വിഷയം തന്നെയാണ് വിവരിച്ചിട്ടുള്ളത്. താൻ പരാശ്രയരഹിതനാണെന്ന് അല്ലാഹു പറയുന്നു. മനുഷ്യനാണ് അവനെ ആവശ്യമുള്ളത്. അവനെക്കൂടാതെ മനുഷ്യന് ജീവിക്കാനേ പറ്റുകയില്ല. അല്ലാഹുവിന് മനുഷ്യന്റെ ഒരാവശ്യവുമില്ല. അവൻ സർവലോക പരിപാലകനാണ്. അവൻ സകല ലോകത്തിന്റേയും രക്ഷിതാവാണ്. ആശ്രയം ആർക്കെങ്കിലും ആവശ്യമായിട്ടുണ്ടെങ്കിൽ, മനുഷ്യനാണ് അല്ലാഹുവിനെ ആശ്രയിച്ചുനില്ക്കുന്നവൻ.

അല്ലാഹുവിന് മനുഷ്യന്റെ സ്തുതിയോ നന്ദിയോ ഒന്നും ആവശ്യമില്ല. തന്റെ ദാസന്മാരുടെ ഗുണത്തിനുവേണ്ടി, നന്ദികേടു കാണിക്കുന്നവരും നിഷേധിക്കുന്നവരും ആയിത്തീരരുതെന്നും പ്രത്യുത എപ്പോഴും അവനോട് നന്ദി കാണിക്കുന്നവരായിരിക്കണമെന്നും അവൻ ആഗ്രഹിക്കുന്നു. ഈ നന്ദിപ്രകടനത്തിന്റെ വികാരവും അതനുസരിച്ചുള്ള പ്രവർത്തനവും നിങ്ങളെ ദൈവ

സാമീപ്യത്തിന് കാരണക്കാരാക്കുമെന്ന് പറഞ്ഞിരിക്കുന്നു. ഈ സാമീപ്യം കൊണ്ട് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്ന കാരണത്താൽ അല്ലാഹുവിന്റെ കൂടുതൽ അനുഗ്രഹങ്ങൾക്ക് നിങ്ങൾ അവകാശികളാകും. ഈ വിഷയത്തെ അല്ലാഹു ഇങ്ങനേയും വിവരിച്ചിട്ടുണ്ട്. ***ലയിൻ ശകർതും ലഅസീദന്നക്കും*** നിങ്ങൾ നന്ദി കാണിക്കുന്നതായാൽ ഞാൻ തീർച്ചയായും നിങ്ങൾക്ക് അനുഗ്രഹം വർദ്ധിപ്പിച്ചുതരുന്നതാണ്. (*14:8*)

നിശ്ചയമായും നിങ്ങൾ ഈ നന്ദി കാണിക്കുന്ന കാരണത്താൽ എന്റെ രിളാ അഥവാ തൃപ്തിയെ കൂടുതൽ സമ്പാദിക്കുന്നവരായിത്തീരും. അതുകൊണ്ട് എപ്പോഴും നന്ദിയുള്ള ദാസരായിരിക്കുക. പുണ്യാത്മാക്കളുടെ കർമ്മങ്ങളും നന്മകളും അവരുടെ നന്ദിപ്രകടനങ്ങളും കൊണ്ട് അവരുടെ കാലത്ത് അല്ലാഹുവിന്റെ അനുഗ്രഹവർഷം ഉണ്ടായിരുന്നതുപോലെ ഇപ്പോഴും ഉണ്ടായിക്കൊണ്ടേയിരിക്കും. നിങ്ങൾ നന്ദികാണിക്കേണ്ട ആവശ്യമില്ല എന്നു ധരിക്കരുത്. അങ്ങനെയല്ല, അല്ലാഹു പറഞ്ഞു: നിങ്ങൾ എന്റെ തൃപ്തി കരസ്ഥമാക്കുന്നവരായിത്തീരുന്നത്, നിങ്ങൾ സ്വയം നന്ദികാണിക്കുന്നവരാകുമ്പോഴും. ഈ നന്ദി കാണിച്ചുകൊണ്ട്, ഞാൻ പറഞ്ഞിരിക്കുന്ന വഴിയിലൂടെ നടക്കുമ്പോഴുമാണ്. ഈ നന്ദിയുടെ വികാരങ്ങളാണ് നിങ്ങളെ ഇഹലോകത്തും പരലോകത്തും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരാക്കുന്നത്. നിങ്ങളുടെ ഒരു നന്മയും നഷ്ടപ്പെട്ടുപോകുകയില്ല. നന്ദി കാണിച്ചുകൊണ്ടുള്ള നിങ്ങളുടെ അവന്റെ മുമ്പിലെ കുനിയൽ ഒരിക്കലും അവൻ നഷ്ടപ്പെടുത്തിക്കളയുകയില്ല; അത് സദുദ്ദേശ്യത്തോടെയായിരിക്കണമെന്നു മാത്രം. അല്ലാഹുവിനെ വഞ്ചിക്കാൻ സാധിക്കുകയില്ല. കാരണം അവൻ നമ്മുടെ മനസ്സിലുള്ളത് അറിയുന്നവനാണ്. അതിലെ ഓരോ മുക്കും മൂലയും അറിയുന്നവനാണ്. അവൻ മനസ്സിൽ മറഞ്ഞിരിക്കുന്ന കാര്യങ്ങൾപോലും അറിയുന്നു. ഈ നന്ദിയുടെ വികാരങ്ങൾ പരിശുദ്ധഹൃദയത്തോടുകൂടി ഓരോ അഹ്മദിയിലും പ്രകടമാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ഓരോ അഹ്മിദയിലും അത് തെളിഞ്ഞുകാണുമാറാകട്ടെ. എന്നെന്നും കണ്ടുകൊണ്ടിരിക്കുമാറാകട്ടെ.

നമ്മുടേതെല്ലാം അല്ലാഹു മാത്രമാണ്. അല്ലാഹുവിന്റെ അനുഗ്രഹം മാത്രമാണ്. ഇത് ഓരോ അഹ്മദിക്കും നല്ലവണ്ണം അറിയാവുന്നതാണ്. അതുകൊണ്ട് നമ്മുടെ ഓരോ പ്രവർത്തനവും ദുആ മുഖേന ആരംഭിക്കുന്നു. അതുമുഖേന നാം അത്ഭുതമുളവാക്കുന്ന അല്ലാഹുവിന്റെ അനുഗ്രഹങ്ങളാണ് കാണുന്നത്. ജൽസയ്ക്കു ശേഷം വിവിധ രാഷ്ട്രങ്ങളിലെ അഹ്മദികൾ, ജൽസയുടെ വിജയത്തെ സംബന്ധിച്ച് കത്തുകളെഴുതുകയും ഫാക്സുകൾ അയക്കുകയും ചെയ്തു. ഓരോ കത്തിലും ഫാക്സിലും ഈ ജൽസയുടെ പ്രവർത്തനങ്ങളിലും പരിപാടികളിലും കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് അഭിവൃദ്ധി കാണാൻ കഴിഞ്ഞിരുന്നുവെന്ന് എല്ലാവരും ഒരുപോലെ എഴുതിയത് കാണാമായിരുന്നു.

ഇവിടെ ജൽസയിൽ പങ്കെടുത്തവരിൽ അധികം പേരുടേയും അഭിപ്രായവും ഇതുതന്നെയായിരുന്നു. ഈ വിജയത്തിൽ മനുഷ്യപ്രയത്നത്തെക്കാളുപരി അല്ലാഹുവിന്റെ അനുഗ്രഹമാണുള്ളത്. എന്നല്ല, വെറും അല്ലാഹുവിന്റെ അനുഗ്രഹമൊന്നു മാത്രമായിരുന്നു എന്നാണ് പറയേണ്ടത്. അവൻ പ്രവർത്തനങ്ങളിൽ അനുഗ്രഹമിടുന്നു. അതിൽ അഭിവൃദ്ധി നാം കാണുന്നു. നാം മനസ്സിലാക്കുന്നത് നമ്മുടെ ജോലി നമ്മൾ നല്ലപോലെ ചെയ്തുതീർക്കുന്നുവെന്നാണ്; വാസ്തവത്തിൽ അത് നല്ലപോലെ ഒന്നും ചെയ്തിട്ടുണ്ടാവില്ല. ചിലപ്പോൾ ഇന്നയിന്ന പ്രവർത്തനങ്ങളിൽ കുറവ് വന്നിട്ടുണ്ട് എന്ന് വിചാരിക്കും. പക്ഷേ, ഒരു കുറവും കാണാത്തവിധം അല്ലാഹു അത് പരിഹരിച്ചുതരുന്നു. നാം അവന്റെ മുമ്പിൽ പ്രണമിച്ചുകൊണ്ട് നമ്മുടെ പ്രവൃത്തികൾ ചെയ്യുമ്പോൾ അല്ലാഹു അനുഗ്രഹം ചെയ്തുകൊണ്ടേപോകുന്നു. അതുകൊണ്ട് എപ്പോഴും നന്ദി രേഖപ്പെടുത്തിക്കൊണ്ട്, അവനോട് പ്രാർത്ഥിച്ചുകൊണ്ട് ഓരോ അഹ്മദിയും അവരുടെ ജോലി ചെയ്യേണ്ടതാണ്. ഇതാണ് നമുക്കു നല്കപ്പെട്ടിട്ടുള്ള പാഠം.

അല്ലാഹുവിനോട് നന്ദിയുള്ള ദാസരായിക്കൊണ്ട് നമ്മുടെ ജോലികൾ ചെയ്യാൻ നാം ശ്രമിക്കുമ്പോൾ, അവനോട് അനുഗ്രഹം ചോദിക്കുകയും സഹായം ആവശ്യപ്പെടുകയും ചെയ്യുമ്പോൾ അല്ലാഹുവും, നിങ്ങൾ നന്ദി കാണിക്കുകയാണെങ്കിൽ ഞാൻ അനുഗ്രഹം വർദ്ധിപ്പിച്ചുതരും എന്ന അവന്റെ വാഗ്ദാനമനുസരിച്ച് അനുഗ്രഹം ചൊരിഞ്ഞുകൊണ്ടേപോകുന്നതാണ്. തന്റെ ഫള്ലുകളും ബർക്കത്തുകളുംകൊണ്ട് നമ്മെ കടാക്ഷിച്ചുകൊണ്ടേ പോകുന്നതാണ്.

ഞാൻ പറയുകയുണ്ടായി. ഇപ്പോൾ നമ്മുടെ ജൽസ നടന്നത് പുതിയൊരു സ്ഥലത്തായിരുന്നു. അക്കാരണത്താൽ പല കുറവുകളും ന്യൂനതകളും ഉണ്ടാകുമോ എന്ന ചിന്തയുണ്ടായിരുന്നു. പക്ഷേ, പ്രവർത്തകർ അല്ലാഹുവിന്റെ അനുഗ്രഹം ചോദിച്ചുകൊണ്ട് അത്യധ്വാനം ചെയ്തു. അതായത്, അല്ലാഹു നല്കിയിട്ടുള്ള മാർഗ്ഗങ്ങളും സാധനസാമഗ്രികളും അതുപോലെതന്നെ ശാരീരികമായ ശക്തികളും കഴിവുകളും പൂർണ്ണമായും പ്രയോജനപ്പെടുത്തുക എന്നതും അതിനുശേഷം കാര്യങ്ങളെല്ലാം അല്ലാഹുവിൽ അർപ്പിക്കുക എന്നതും നന്ദി എന്ന വിഷയത്തിന്റെ ഒരു ഭാഗമാണ്. എന്നാൽ, “അല്ലാഹുവേ, കഴിഞ്ഞവർഷം പരിപാടികളെല്ലാം ഭംഗിയായി കഴിഞ്ഞിരുന്നു. അതിന് ഞങ്ങൾ നന്ദി രേഖപ്പെടുത്തുന്നു. ഈ വർഷവും നീ ഞങ്ങളുടെ പ്രവർത്തനങ്ങളെല്ലാം നല്ലതാക്കിത്തീർത്താലും. പക്ഷേ, ഞങ്ങളെ സംബന്ധിച്ചിടത്തോളം മുമ്പേ ചെയ്തതുപോലെ സമയം ചെലവഴിക്കാനോ അധ്വാനിക്കാനോ ഒന്നും പറ്റുകയില്ല” എന്നു പറയാൻ പാടില്ല.

ആദ്യമേതന്നെ അധ്വാനിക്കുകയില്ലെന്ന് പറഞ്ഞാൽ,

അതിന്റെ അർത്ഥം അല്ലാഹുവിനോട് നന്ദി കാണിക്കുക എന്ന വിഷയം നിങ്ങൾക്ക് മനസ്സിലായിട്ടില്ല എന്നുവേണം പറയാൻ. നന്ദി എന്നു പറയുന്നത്, നമ്മുടെ അധ്വാനങ്ങളും നമ്മുടെ കഴിവുകളും പരിപൂർണ്ണമായ നിലയിൽ ചെലവഴിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തുകൊണ്ട് എല്ലാ കാര്യങ്ങളും അല്ലാഹുവിൽ ഭരമേല്പിക്കുക എന്നതാണ്. ഇതാണ് നന്ദി രേഖപ്പെടുത്തൽ. ഇതാണ് അല്ലാഹു നമുക്ക് മനസ്സിലാക്കിത്തന്നിട്ടുള്ളത്. അല്ലാതെ നാവുകൊണ്ട്, അല്ലാഹുവിനോട് നന്ദി കാണിക്കുന്നുവെന്ന് പറയലല്ല. നന്ദി എന്നുപറയുന്നത്, ആദ്യം അല്ലാഹു ചെയ്ത അനുഗ്രഹത്തെ അനുസരിക്കുകയും തുടർന്ന് നമുക്കുള്ള കഴിവുകളെ പരിപൂർണ്ണമായും ഉപയോഗിക്കുകയും ചെയ്യുക എന്നതാണ്. ഈ നന്ദി കാരണത്താൽ കൂടുതൽ അനുഗ്രഹങ്ങളുടെ വാതിലുകൾ തുറക്കുന്നു. അവയിൽ പ്രത്യക്ഷമായ പ്രവർത്തനങ്ങൾക്കു പുറമെ, അല്ലാഹുവിന്റെ കല്പനകളനുസരിച്ച് നാം ജീവിക്കുകയും വേണ്ടതാണ്. സൽകർമ്മങ്ങളും ചെയ്യേണ്ടതാണ്. ദുആയിൽ ശക്തി ചെലുത്തേണ്ടതാണ്, സൃഷ്ടികളോടുള്ള കടമ നിറവേറ്റേണ്ടതാണ്. പരസ്പരം സഹായിക്കുകയും, നന്ദി പ്രകടിപ്പിക്കുകയും ചെയ്യുന്നത് വർദ്ധിപ്പിക്കേണ്ടതാണ്. അതുകൊണ്ടാണ് ഹദീസിൽ വന്നിരിക്കുന്നത്, നബി(സ) തിരുമേനി പറഞ്ഞു: ആരാണോ ജനങ്ങളോട് നന്ദി കാണിക്കാത്തത്, അവൻ അല്ലാഹുവിനോടും നന്ദി കാണിക്കുന്നില്ല.

ഈ വിഷയം മനസ്സിലാക്കിക്കൊണ്ട് ഇന്ന് ജീവിക്കാൻ പരിശ്രമിക്കുന്നത് അഹ്മദികൾ മാത്രമാണ്. ഈ സൽകർമ്മങ്ങളും പരസ്പരമുള്ള കടമ നിറവേറ്റലും നന്ദി പ്രകടിപ്പിക്കാനുള്ള വികാരങ്ങളും തന്നെയാണ് അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സ്വരുക്കൂട്ടുന്നത്. ജമാഅത്ത് മൊത്തത്തിൽ നോക്കുമ്പോൾ ദൈവികാനുഗ്രഹത്താൽ ഈ സൽക്കർമ്മങ്ങളിലൂടെ നടക്കുന്നവർ ജമാഅത്തിൽ ഒരുപാടുണ്ട്. അതുകൊണ്ടുതന്നെ അല്ലാഹുവിന്റെ അനുഗ്രഹവർഷം ജമാഅത്തിന്റെമേൽ ഓരോ നിമിഷവും ഉണ്ടായിക്കൊണ്ടിരിക്കുന്നതായി നാം കാണുന്നു. അതിന് അല്ലാഹുവിനോട് നന്ദി പ്രകടിപ്പിക്കുകയും ചെയ്യുന്നു. ഈ നന്ദിയുടെ വികാരങ്ങൾ ഓരോ അവസരത്തിലും പ്രത്യേകിച്ച് ജൽസാവേളകളിൽ ആദ്യത്തെക്കാൾ കൂടുതൽ പ്രകടിപ്പിക്കുന്ന കാരണത്താൽ അല്ലാഹുവിന്റെ അനുഗ്രഹം നമുക്ക് വ്യക്തമായും കാണാൻ കഴിയുന്നു. അതുകൊണ്ട് നന്ദിയുടെ ഈ വിഷയം ഒരിക്കലും ഒരു അഹ്മദിയും മറക്കാൻ പാടില്ലാത്തതാണ്. നന്ദി പ്രകടിപ്പിക്കുക എന്ന ഈ വികാരത്തോടെ ഞാൻ എല്ലാ പ്രവർത്തകർക്കും നന്ദി രേഖപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. പ്രവർത്തകരിൽ അധികവും ഇവിടെ ചെറുപ്പം മുതലേ വളർന്നുവന്ന കുട്ടികളും ചെറുപ്പക്കാരുമാണ്. എല്ലാവരും രാവും പകലും ഒന്നാക്കിക്കൊണ്ട് കഠിനാധ്വാനത്തോടെ തങ്ങളുടെ കടമകൾ നിറവേറ്റി. ഈ നാട്ടിലെ കുട്ടികളുടേയും യുവാക്കളുടേയും പ്രഥമ കർത്തവ്യങ്ങൾ മറ്റുള്ളവരിൽനിന്ന് തികച്ചും വിഭിന്നങ്ങളാണ്. ഇവരുടെ പ്രഥമ കർത്തവ്യങ്ങൾ വിസ്മയമുളവാക്കുന്നതാണ്. അല്ലാഹുവിൽനിന്ന് അകറ്റിക്കൊണ്ടുപോകുന്ന ജോലിതിരക്കുകളാണ് ഇവരുടേത്. ഒരു അഹ്മദികുട്ടിയുടേയും യുവാവിന്റേയും പ്രഥമകർത്തവ്യം അല്ലാഹുവിനുവേണ്ടി അവന്റെ കല്പനയിലൂടെ പദമൂന്നിക്കൊണ്ട് തന്റെ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുക എന്നതാണ്. ഭൗതിക കളിതമാശകളെ പിമ്പുറം തള്ളിക്കൊണ്ട് അല്ലാഹുവിനുവേണ്ടി അവന്റെ അതിഥകളെ സേവിക്കുന്നതിനായി എപ്പോഴും നമ്മുടെ കുട്ടികൾ തയ്യാറായിരിക്കുന്നു. രാവാണോ പകലാണോ എന്നൊന്നും അവർ ശ്രദ്ധിക്കാറില്ല. വിവിധ സമയങ്ങളിൽ ചില പ്രവർത്തകരെ എനിക്ക് കാണാൻ കഴിഞ്ഞു, മൂന്ന് ദിവസം അവർ ഉറങ്ങീട്ടേയില്ല എന്ന് തോന്നിപ്പോയി. മറ്റുള്ളതിനോടൊന്നും അവർക്ക് ഒരു താല്പര്യവുമില്ല. വളരെ ശ്രദ്ധയോടെ, കഠിനാധ്വാനത്തോടെ അവർ അതിഥികളെ സേവിച്ചുകൊണ്ടിരിക്കുന്നതായി കാണാൻ കഴിഞ്ഞു; അതിഥികൾക്ക് സേവനം ചെയ്യാൻ നിശബ്ദരായി അവർ അരമുറുക്കിയിരുന്നു. ഈ മൂന്നുദിവസം മാത്രമല്ല, ജൽസയുടെ ചില ജോലികൾ മാസങ്ങൾക്കുമുമ്പേ തുടങ്ങും. ജൽസയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ 8, 10 ദിവസം മുമ്പേ തുടങ്ങാറുണ്ട്. അത് ജൽസ കഴിഞ്ഞ് ഒരാഴ്ചവരെ നീണ്ടുനില്ക്കാറുണ്ട്. പക്ഷേ, കുട്ടികളും യുവാക്കളും വൃദ്ധന്മാരുമടങ്ങുന്ന പ്രവർത്തകർ, തങ്ങളുടെ താല്പര്യങ്ങളേയും തൊഴിലുകളേയും ത്യാഗം ചെയ്തുകൊണ്ട് ഇവിടെ പ്രവർത്തനത്തിനായി എത്തുന്നു. ഞാൻ പറഞ്ഞതുപോലെ ഇവർക്കെല്ലാം ഞാൻ നന്ദി പറയുകയാണ്. ഏറ്റവും വലിയ പ്രതിഫലം അല്ലാഹുവിന്റെ കൈയിലാണുള്ളത്. അല്ലാഹു അവർക്കെല്ലാം പ്രതിഫലം നല്കുമാറാകട്ടെ. ഇത്രമാത്രം ത്യാഗം ചെയ്ത് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികൾക്ക് സേവനം ചെയ്യാനെത്തുന്ന ഈ പ്രവർത്തകരോടും ഞാൻ പറയാനാഗ്രഹിക്കുന്നത്, നിങ്ങൾക്കും ഈ സേവനം ചെയ്യാനുള്ള അവസരം അല്ലാഹു നല്കിയതാണ്. ഈ സേവനം കാരണത്താൽ നിങ്ങളും നന്ദി കാണിക്കേണ്ടതാണ്. ഈ അതിഥികളെ സേവിക്കാൻ ഭാഗ്യമുണ്ടായി എന്നത് അല്ലാഹുവിന്റെ അനുഗ്രഹം ഒന്നുമാത്രമാണ്. തന്റെ പ്രത്യേകാനുഗ്രഹത്താൽ കുറ്റങ്ങളും കുറവുകളുമെല്ലാം അവൻ മറച്ചുവെച്ചു. ചിലപ്പോൾ ഒരുപാട് കുറ്റങ്ങളും കുറവുകളും ഉണ്ടാകാറുണ്ട്. പക്ഷേ, അല്ലാഹു അതെല്ലാം മറച്ചുവെച്ചു. എല്ലാ പ്രവർത്തനങ്ങളും വളരെ ശുഭമായി പര്യവസാനിച്ചു. കുറ്റങ്ങളും കുറവുകളും മറച്ചുവയ്ക്കുന്നതിനെ സംബന്ധിച്ച് ഞാൻ പറയട്ടെ, പുറം രാജ്യത്തുനിന്നുവന്ന ഒരു അതിഥിയോട്, 'പുതിയ സ്ഥലമായതുകൊണ്ട് പല കുറവുകളും ഉണ്ടായിട്ടുണ്ടാകും, നിങ്ങൾക്ക് വിഷമങ്ങളും ഉണ്ടായിട്ടുണ്ടാകും' എന്ന് ഞാൻ പറഞ്ഞു. ഇതുകേട്ടപ്പോൾ

'ഇതിനേക്കാൾ കൂടുതൽ സംവിധാനം അവിടെ ഉണ്ടാക്കാൻ പറ്റുകയില്ല' എന്നതായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ഇങ്ങനെയാണ് അല്ലാഹു കുറ്റങ്ങളും കുറവുകളും മറച്ചുവയ്ക്കുന്നത്.

ഇക്കാര്യം നിങ്ങളിൽ കൂടുതൽ നന്ദി പ്രകടിപ്പിക്കുന്നതിനും അഭിവൃദ്ധി ഉണ്ടാക്കുന്നതിനും കാരണമായിത്തീരേണ്ടതാണ്. അല്ലാഹു നിങ്ങൾക്ക് നല്കിയിട്ടുള്ള അനുഗ്രഹങ്ങൾ കൂടുതൽ പ്രകടിപ്പിക്കേണ്ടതാണ്. നിങ്ങൾ കാണിക്കുന്ന നന്ദി കാരണത്താൽ അല്ലാഹു തന്റെ അനുഗ്രഹങ്ങളുടെ കൂടുതൽ വാതിലുകൾ നിങ്ങൾക്കായി തുറക്കുന്നതിനുവേണ്ടി സൽക്കർമ്മങ്ങൾ ചെയ്യുന്നതിലേക്ക് കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. ഇപ്രകാരംതന്നെ ജൽസയിലെ പരിപാടികൾ കേട്ടവരോടും ഞാൻ പറയാനാഗ്രഹിക്കുന്നു, ഇവിടെ നേരിട്ട് വരാനും പരിപാടികൾ ശ്രവിക്കാനും അല്ലാഹു നിങ്ങൾക്ക് തൗഫീഖ് നല്കിയതുകൊണ്ട് നിങ്ങൾ കൂടുതൽ നന്ദി പ്രകടിപ്പിക്കേണ്ടതാണ്.

വിവിധ രാഷ്ട്രങ്ങളിൽ ഇരുന്നുകൊണ്ട് ജൽസാ പരിപാടികൾ ശ്രവിച്ചവരുടെ കത്തുകൾ വന്നിരുന്നു. അതിൽ, ജൽസാപന്തലിൽ ഇരുന്ന് ജൽസയിൽ പങ്കെടുത്ത പ്രതീതിയുണ്ടാക്കി എന്ന് അവർ എഴുതിയിരുന്നു. എന്തായാലും അവരവരുടെ വാസസ്ഥലത്തിരുന്ന് ജൽസാ പരിപാടികൾ ശ്രവിച്ചവരും എം.ടി.എയെപോലുള്ള അനുഗ്രഹങ്ങൾ നമുക്ക് തന്നരുളിയ അല്ലാഹുവിന് ശുക്ർ ചെയ്യേണ്ടതാണ്. ജൽസാപരിപാടികൾ കേട്ടകാരണത്താൽ, എല്ലാ അഹ്മദികളും നന്ദി എന്ന നിലയിൽ ജൽസാപരിപാടികൾ തങ്ങളുടെ ഉള്ളിൽ പരിശുദ്ധമായ മാറ്റം ഉണ്ടായിരിക്കുന്നതായി അനുഭവപ്പെട്ടവരും, അല്ലെങ്കിൽ സൽക്കർമ്മങ്ങൾ ചെയ്യണം എന്നതിലേക്ക് ശ്രദ്ധയുണ്ടായിട്ടുള്ളവരും- ഇതെല്ലാം അവർ നേരിട്ടും കത്തുകളിലൂടെയും പ്രകടിപ്പിച്ചിട്ടുള്ളതാണ്- എല്ലാവരും നന്ദി പ്രകടനം എന്ന നിലയിൽ അല്ലാഹുവിനോട് ശുക്ർ ചെയ്തുകൊണ്ട് ഈ പരിശുദ്ധമാറ്റത്തെ സ്വന്തം ജീവിതത്തിന്റെ ഭാഗമാക്കിമാറ്റേണ്ടതാണ്. അങ്ങനെ, അല്ലാഹുവിനോടു നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഈ മാറ്റത്തെ എന്നെന്നും നിലനിറുത്താൻ ശ്രമിക്കുമ്പോൾ, ജീവിതത്തിന്റെ സ്ഥിരമായ ഭാഗമാക്കി മാറ്റാൻ ശ്രമിക്കുമ്പോൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ കൂടുതൽ വാതിലുകൾ തുറന്നുകൊണ്ടേപോകും.

ഇവിടെ ഞാൻ എല്ലാ അതിഥികളും നമ്മോടു പൂർണ്ണമായും സഹകരിച്ച കാരണത്താൽ അവർക്ക് നന്ദി രേഖപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ഒരുപാട് കാര്യങ്ങൾ അവർ സഹിക്കുകയും പ്രവർത്തകരോട് സഹകരിക്കുകയും അവരെ നാണക്കേടിൽനിന്ന് രക്ഷിക്കുകയും, ചെറിയ സേവനത്തിനുപോലും നന്ദി പറയുകയും ചെയ്തു. ഇതിനോടൊപ്പം ഇവിടെ പങ്കെടുത്ത എല്ലാ അതിഥികളും ഞാൻ പറഞ്ഞ കാര്യങ്ങൾ നന്ദിവികാരത്തോടെ ജീവിതത്തിൽ പകർത്തിക്കൊണ്ട് സ്വന്തം ജീവിതത്തിൽ മാറ്റമുണ്ടാക്കാൻ ശ്രമിക്കേണ്ടതാണ്. ആ മാറ്റങ്ങളെ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കേണ്ടതാണ്.

നമുക്ക് ആർമിയുടെ സുരക്ഷിതമായ ഈ മൈതാനം ജൽസാ നടത്തുന്നതിനായി അനുവദിച്ചുതരികയും പൂർണ്ണമായും സഹകരിക്കുകയും ചെയ്ത സർക്കാരിന്റെ വകുപ്പ്മേധാവികൾക്കും നാം നന്ദി രേഖപ്പെടുത്തുന്നു. ആരംഭത്തിൽ ചില കാര്യങ്ങൾ അവർ നിഷേധിച്ച കാരണത്താൽ വിഷമം നേരിട്ടിരുന്നു. ഉദാഹരണത്തിന് വെള്ളം തുടങ്ങിയവ. ഇതിനുപകരം സംവിധാനങ്ങൾ നാം ചെയ്തിട്ടുണ്ടായിരുന്നു. പക്ഷേ, അതിലും ചില പോരായ്മകൾ കണ്ടിരുന്നു. അത് പ്രവർത്തകരുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടാകുകയില്ല. എന്നാൽ അങ്ങനെയുണ്ടാകാനിടയുണ്ടെന്ന് എനിക്കറിയാമായിരുന്നു. എന്തായാലും ആദ്യം നിഷേധിച്ചെങ്കിലും പിന്നീട് അവർ നമുക്ക് അതെല്ലാം ഒരു ദിവസം മുമ്പേ അനുവദിച്ചുതന്നു. അല്ലാഹു അവർക്കും പ്രതിഫലം നല്കുമാറാകട്ടെ. ആർമിയുടെ സ്ഥലമായതിനാൽ സ്ഥിരമായിട്ടുള്ള സെക്യൂരിറ്റി അവിടെ ഉണ്ടായിരുന്നു. പോലീസുമായി ചേർന്നുകൊണ്ട് അവരും നമ്മോടു സഹകരിച്ചു.

ഇവിടെ നാം അല്ലാഹുവിനോട് നന്ദി രേഖപ്പെടുത്തുന്നതിനോടൊപ്പം നമ്മുടെ പ്രവർത്തനങ്ങൾ എളുപ്പമാക്കാൻ സഹകരിച്ച ഈയാളുകൾക്കും നന്ദി രേഖപ്പെടുത്തുകയാണ്.

ജൂലായ് 7-ന് നടന്ന സ്ഫോടനത്തിനുശേഷം, ഈ പ്രധാനപ്പെട്ട സ്ഥലം നമുക്ക് തടയുമോ എന്ന ശങ്ക ഇല്ലാതിരുന്നില്ല. കാരണം ഏതു സമയവും അനുവാദം റദ്ദ് ചെയ്യാനുള്ള അവകാശം ഉടമസ്ഥനുള്ളതാണ്. ഉടമ്പടിപത്രത്തിൽ അത് കാണിക്കാറുമുണ്ട്. പക്ഷേ, അല്ലാഹു അനുഗ്രഹം ചെയ്തു. ഇവരുടെ ഹൃദയം മൃദുവാക്കിവെച്ചു. അല്ലാഹു എല്ലാവർക്കും പ്രതിഫലം നല്കുമാറാകട്ടെ. വരുംകാലങ്ങളിൽ എല്ലാ ആവശ്യങ്ങളും പൂർത്തീകരിച്ചുകൊണ്ട് പുതിയസ്ഥലത്ത് ജൽസാ നടത്താൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹുവിന്റെ വലിയൊരു ഔദാര്യമാണ് ജൽസയ്ക്കുവേണ്ടി നമുക്കൊരു വലിയ സ്ഥലം ലഭിക്കുന്നു എന്നുള്ളത്. അതിന്റെ എഴുത്തുകുത്തുകളെല്ലാം എത്രയും വേഗം പൂർത്തിയാക്കാനും സ്ഥലം നമ്മുടെ കൈയിൽ കിട്ടുവാനും ഇടയ്ക്ക് തടസ്സങ്ങളൊന്നും ഇല്ലാതിരിക്കാനും ദുആ ചെയ്യുക. നമുക്ക് ലഭിച്ച ഈ സമ്മാനത്തിനും നാം എത്രമാത്രം നന്ദി കാണിച്ചാലും അത് കുറവായിരിക്കും. അല്ലാഹുവിന്റെ ഈ അനുഗ്രഹങ്ങൾ നമ്മെ കൂടുതൽ അവന്റെ മുമ്പിൽ കുനിയുന്നവരാക്കിത്തീർക്കേണ്ടതാണ്. കഴിവുള്ള എല്ലാ അഹ്മദികൾക്കും ഇതിൽ ഭാഗഭാക്കാകാമെന്ന് ഞാൻ വിളംബരം ചെയ്തിട്ടുള്ളതാണ്. കാരണം ഈ സ്ഥലത്തിന്റെ ഉപയോഗം നോക്കുമ്പോൾ ഇത് യു.കെക്കാരുടേതു മാത്രമല്ല; ഒരാഗോളനില ഈ ജൽസയ്ക്ക് കൈവന്നിട്ടുള്ളതുകൊണ്ട് മുഴുവൻ ലോകവുമാണ് ഇതിനെ പ്രയോജനപ്പെടുത്തു

ന്നത്. യുകെയിലെ ജൽസാ മാത്രമായിരുന്നെങ്കിൽ, പുറ മെനിന്നാരും ഇതിൽ പങ്കെടുക്കുന്നില്ലെങ്കിൽ, അവർക്ക് ഇസ്‌ലാമാബാദിൽതന്നെ സ്ഥലം മതിയാകുമായിരുന്നു. ഈ പദ്ധതിയിൽ നിങ്ങൾ ഉത്സാഹത്തോടെ പങ്കെടു ക്കുകയും കഴിവിന്നനുസരിച്ച് പങ്കെടുത്തുവരികയും ചെയ്യുന്നു. വാഗ്ദാനം ചെയ്തിട്ടുള്ള എല്ലാവർക്കും എത്രയും വേഗം തുക അടച്ചുതീർക്കാൻ അല്ലാഹു തൗഫീഖ് നല്കുമാറാകട്ടെ. വാഗ്ദാനം ചെയ്തിട്ടുള്ള വർക്കു വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു ഇവർക്കെല്ലാം പ്രതിഫലം നല്കുമാറാകട്ടെ. യുകെയിലെ അംഗങ്ങളും അതുപോലെതന്നെ പുറംനാട്ടുകാരും എത്രയും വേഗം വാഗ്ദത്ത സംഖ്യ കൊടുക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു; എത്രയും വേഗം അതിന്റെ വില കൊടുത്തുത്തീർക്കുന്നതിനുവേണ്ടി.

ഇതുതന്നെയാണ് നിങ്ങളെ അല്ലാഹുവിന്റെ ഫള്ലിനും അവനോട് നന്ദി കാണിക്കുന്നതിനും അർഹ രാക്കിത്തീർക്കുന്നത്. ഇപ്രകാരം നിങ്ങൾ അല്ലാഹുവിന്റെ സാമീപ്യത്തിന്റെ വഴി കൂടുതലായി കാണുന്നതാണ്.

ഇപ്രാവശ്യം ജൽസയിൽ ഒരുപാട് അനുഗ്രഹം ഉണ്ടായതിലൊന്ന്, ജമാഅത്തിനെ പരിചയപ്പെടുത്താ നുള്ള സാഹചര്യം അല്ലാഹു അവൻതന്നെ ഒരുക്കി എന്ന താണ്. പത്രത്തിൽ ധാരാളമായി വാർത്തകൾ വന്നു. ജമാഅത്തിനെ പരിചയപ്പെടുത്തുക മാത്രമല്ല, അതിലൂടെ ഇസ്‌ലാമിന്റെ നാമവും വിളങ്ങി. ഈ ബോംബ് സ്ഫോടനം നടത്തിയത് പാക്കിസ്ഥാനികളാണെന്ന് ചിലയിടത്ത് പറ യുന്നു. പാക്കിസ്ഥാനികളുടെ പേരാണ് പറയപ്പെടുന്നത്. ഈ ജൽസാ കാരണത്താൽ ആ പേരുദോഷം നമ്മളിൽ നിന്ന് മാറിയതായി കാണുന്നു. ടി.വി, റേഡിയോ പത്രമാ ധ്യമങ്ങളെല്ലാം നല്ലവണ്ണം വാർത്തകൾ കവറേജ് ചെയ്തു. പൊതുവെ മുമ്പത്തെക്കാൾ കൂടുതലായി വാർത്തകൾ നല്കി.

അമേരിക്കയിലെ ഒരു ടിവി ചാനൽ, പതാക ഉയ ർത്തൽ പരിപാടി സംപ്രേഷണം ചെയ്തു. അതിനോ ടൊപ്പം 'യുകെയിൽ മുസ്‌ലിംകൾ വമ്പിച്ച മൈത്രീ സമ്മേ ളനം സംഘടിപ്പിച്ചു' എന്ന വാർത്തയും കൊടുത്തിരുന്നു.

ആസ്ത്രേലിയായിലെ സർക്കാരി ചാനൽ എസ്സ്. ഡി.എസ്സ് യുകെ ജൽസയുടെ വിവിധ ദൃശ്യങ്ങൾ സംപ്രേഷണം ചെയ്തു. ഇത് ആദ്യമാണെന്ന് അവിട ത്തുകാർ പറയുന്നു. 'രണ്ട് മുസ്‌ലിം ആലിംകളുടെ വിഭി ന്നാഭിപ്രായം' എന്ന തലക്കെട്ടോടുകൂടിയാണ് വാർത്ത കൊടുത്തത്. ഒന്ന് അഹ്മദിയ്യാ മുസ്‌ലിം കമ്മ്യൂണിറ്റി ലണ്ടൻ, രണ്ട് ആസ്ത്രേലിയാ മുസ്‌ലിം. ആസ്ത്രേലിയാ മുസ്‌ലിംകളെ കുറിച്ച് പറഞ്ഞത് തീവ്രവാദികളെ പിന്താ ങ്ങുന്നുവെന്നാണ്. ഇതിലും പതാക ഉയർത്തുന്ന ദൃശ്യ ങ്ങൾ കാണിച്ചിരുന്നു. ജമാഅത്തിനെ സംക്ഷിപ്തമായി പരിചയപ്പെടുത്തുകയും ചെയ്തു. 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്നതിനെക്കുറിച്ച് ഇതാണ് ജമാഅത്തിന്റെ മോട്ടോ എന്നു പറഞ്ഞു. ലണ്ടൻ ജൽസയുടെ വിവിധ ദൃശ്യങ്ങൾ കാണിച്ചുകൊണ്ട്, മുപ്പ തിനായിരത്തോളം ആളുകളാണ് ഈ സമ്മേളനത്തിൽ പങ്കെടുക്കുന്നതെന്ന് പറഞ്ഞു.

സ്പെയിനിലെ രണ്ട് ടി.വി. ചാനലുകളും ജൽസാ ദൃശ്യങ്ങൾ സംപ്രേഷണം ചെയ്തിരുന്നു. സ്പെയിൻ ഇന്നുവരെ നമ്മുടെ ഒരു വാർത്തയും കൊടുത്തിട്ടില്ല. പതാക ഉയർത്തൽ പരിപാടി സംപ്രേഷണം ചെയ്തു.

എം.ടി.എയിൽ മാത്രമല്ല, ലോകത്തെ ഒരുപാട് രാജ്യങ്ങളിലെ ടി.വി. നിലയങ്ങൾ പതാക ഉയർത്തുന്ന ദൃശ്യങ്ങളും ജനങ്ങൾ പരസ്പരം ആലിംഗനം ചെയ്യു ന്നതും കാണിച്ചിരുന്നു. അവരുടെ മറ്റൊരു ടിവി ചാനൽ ജൽസയുടെ ദൃശ്യങ്ങൾ കാണിച്ചുകൊണ്ട് ലണ്ടൻ ബോംബ് സ്ഫോടനത്തെക്കുറിച്ച് പറയുകയും, ലോകത്തെ എല്ലാ മുസ്‌ലിംകളും ഒരുപോലെയല്ലെന്നും, എല്ലാ പാക്കി സ്ഥാനി ജമാഅത്തുകളും തീവ്രവാദികളല്ലെന്നും പറഞ്ഞു. ഇത് അഹ്മദിയ്യാ ജമാഅത്തിന്റെ സമ്മേളന മാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് മുപ്പതി നായിരത്തോളം അഹ്മദീ മുസ്‌ലിംകൾ ഇവിടെ സംഘ ടിച്ചിരിക്കുന്നു. അതിന്റെ താഴെ അവർ എഴുതികാണിച്ചു: നോക്കുക, എത്ര മനോഹരമായ ദൃശ്യമാണ്.

നോക്കുക, ഇസ്‌ലാമിന്റെ ശരിയായ ധ്വജവാഹ കർ ആരെങ്കിലും ലോകത്തുണ്ടെങ്കിൽ, അത് ഈ ജമാ അത്തുതന്നെയാണെന്ന് ഇന്ന് ലോകം കാണാൻ തുട ങ്ങിയിരിക്കുന്നു. അത് നബി(സ) തിരുമേനിയെ അതി രറ്റ് സ്നേഹിക്കുന്ന വ്യക്തിയുടെ ജമാഅത്താണ്. അത് ഇസ്‌ലാമിന്റെ ശരിയായ നാമം ലോകത്തു പ്രചരിപ്പി ക്കുന്ന ജമാഅത്താണ്.

പാക്കിസ്ഥാൻ ഭരണകൂടം നമ്മെ അമുസ്‌ലിം എന്നു പറയുമ്പോൾ, ലോകം നമ്മെ പാക്കിസ്ഥാന്റെ സ്ഥാനപതികൾ എന്നു വിളിക്കുന്നു.

ഇപ്പോൾ ഞാൻ ജുമുആക്ക് വരാൻ ഒരുങ്ങുക യായിരുന്നു. റബ്‌വയിലെ നമ്മുടെ രണ്ട് പ്രസ്സുകളും സീൽ ചെയ്യാൻ പോലീസ് വന്നിരിക്കുന്നു എന്ന വാർത്ത പാക്കി സ്ഥാനിൽനിന്നു കിട്ടി. അൽഫസ്‌ലും നിരോധിച്ചേക്കാം. ഇതാണ് അവിടത്തെ ശത്രുത. ഒരുഭാഗത്ത്, അഹ്മദിയ്യാ ജമാഅത്താണ് ശരിയായ ഇസ്‌ലാം പ്രചരിപ്പിക്കുന്നതെന്ന് ലോകം കാണുന്നു. മറുഭാഗത്ത് ഇസ്‌ലാമിന്റെ കുത്തകാവ കാശികളെന്നു പറയുന്ന ഇവർ തടസ്സം സൃഷ്ടിക്കാൻ ശ്രമിക്കുന്നു. എത്രവേണമെങ്കിലും ഇതിൽ തടസ്സങ്ങൾ സൃഷ്ടിച്ചുകൊള്ളട്ടെ. ഞങ്ങൾ അല്ലാഹുവിന്റെ അനു ഗ്രഹങ്ങൾ മഴത്തുള്ളികൾപോലെ ഞങ്ങളുടെമേൽ ഇറ ങ്ങുന്നതായി കാണുന്നു. ഒന്നോ രണ്ടോ പ്രസ്സ് അടച്ചു പൂട്ടുന്നതുകൊണ്ട്, ജമാഅത്തിന്റെ വളർച്ചയെ തടയാൻ ഇവർക്ക് കഴിയില്ല. ഒരു പേടിയുണ്ട്, ഇവർ അല്ലാഹു വിന്റെ പിടിത്തത്തിൽ അകപ്പെടുമോ എന്നതാണത്.

നമ്മൾ അല്ലാഹുവിൽ വിശ്വസിക്കുന്നവരാണ്.

അവന്റെ പ്രിയപ്പെട്ട നബി(സ)യുടെമേൽ പരിപൂർണ്ണമായും വിശ്വസിക്കുന്നവരാണ്. നബി(സ)നുമേൽ ഇറങ്ങിയ ശരീഅത്തനുസരിച്ച് പ്രവർത്തിക്കുന്നവരാണ്. നബി(സ)നെ സ്നേഹിക്കുന്ന വാഗ്ദത്ത മസീഹിന്റെ ജമാഅത്തിൽ പ്രവേശിച്ചിട്ടുള്ള നമ്മൾ ഒരു രാജ്യത്തിന്റെ മാത്രം സ്ഥാനപതികളല്ല. മറിച്ച്, നാം ഇസ്ലാമിന്റെ സ്ഥാനപതികളാണ്. നബി(സ)ന്റെമേൽ ഇറങ്ങിയ അദ്ധ്യാപനങ്ങളുടെ സ്ഥാനപതികളാണ് നാം. സ്നേഹം വിതറുന്ന അദ്ധ്യാപനങ്ങളുടെ സ്ഥാനപതികളാണ് നാം, വെറുപ്പിന്റേതല്ല.

അല്ലാഹുവിനോട് നിറമനസ്സോടെ നന്ദി രേഖപ്പെടുത്തിക്കൊണ്ട് എപ്പോഴും ഈ പാഠങ്ങൾ അനുസരിച്ച് പ്രവർത്തിക്കാനും സൽക്കർമ്മങ്ങൾ ചെയ്യാനും അവൻ തന്നെ നമുക്ക് തൗഫീഖ് നല്കിക്കൊണ്ടിരിക്കുമാറാകട്ടെ.

ദൈവികാനുഗ്രഹങ്ങളെക്കുറിച്ച് പ്രസംഗിക്കുന്ന ദിവസം, മഴ പെയ്യിച്ചുകൊണ്ട് അല്ലാഹു പറഞ്ഞു: ഏതുപോലെ ഈ മഴത്തുള്ളികളെ നിങ്ങൾക്ക് എണ്ണിത്തിട്ടപ്പെടുത്താൻ സാധിക്കുകയില്ലയോ അതുപോലെ എന്റെ പ്രിയപ്പെട്ട മസീഹിന്റെ ജമാഅത്തിനുമേൽ എന്റെ അനുഗ്രഹങ്ങളുടെ മഴ പെയ്തുകൊണ്ടിരിക്കുന്നതും നിങ്ങൾക്കെണ്ണാൻ കഴിയുകയില്ല. ഈ അനുഗ്രഹം കണ്ടുകൊണ്ട് നിങ്ങൾ കൂടുതൽ നന്ദി രേഖപ്പെടുത്തി മുന്നോട്ടു പോകുക.

കനത്ത മഴ പെയ്യുമ്പോൾ അത് എം.ടിയേയും ബാധിക്കാറുണ്ട്. പക്ഷേ, ഒന്നോ രണ്ടോ മിനിറ്റല്ലാതെ (എന്റെ പ്രസംഗത്തിന് മുമ്പാണ് അത് സംഭവിച്ചത്) സംപ്രേഷണത്തിന് ഒരു കുറവും വന്നില്ല. രാത്രി മുഴുവൻ തുടർച്ചയായി മഴ പെയ്യുകയായിരുന്നു. സംഘാടകർക്ക് സംപ്രേഷണത്തിന് തടസ്സം നേരിടുമോ എന്ന ശങ്കയുണ്ടായിരുന്നു. എന്നല്ല, ഏതൊരു കമ്പനി മുഖേനയാണോ ജൽസാഗാഹിൽനിന്ന് സിഗ്നൽ അയച്ചുകൊണ്ടിരുന്നത്, അവരുടെ ഇംഗ്ലീഷുകാരനായ പ്രതിനിധി ഇവിടെ ഉണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: ഇത്തരം മഴ പെയ്യുമ്പോൾ അത് സംപ്രേഷണത്തെ ബാധിക്കാറുണ്ട്. ഇതുപോലെ ലിങ്ക് ലഭിക്കാറില്ല. ദൈവവുമായിട്ട് നിങ്ങൾക്ക് പ്രത്യേക ബന്ധമുള്ളതായി തോന്നുന്നു. അവനാണ് ഇതെല്ലാം നടത്തിയത്.

തീർച്ചയായും അദ്ദേഹം പറഞ്ഞത് സത്യമാണ്. നമ്മുടെ ജോലികളെല്ലാം ചെയ്യുന്നത് നമ്മുടെ അല്ലാഹു തന്നെയാണ്. നിസ്സാരമായ നമ്മുടെ പരിശ്രമത്തിന് അതിരില്ലാത്തവണ്ണം അനുഗ്രഹങ്ങൾ നല്കുന്നു.

പോലീസുകാരേയും ആർമി ഉദ്യോഗസ്ഥന്മാരേയും കുറിച്ച് ഞാൻ പറഞ്ഞു. വലിയ സഹകരണമാണ് അവരിൽനിന്നുണ്ടായത്. അവരും വളരെ സന്തോഷത്തിലാണ്. അത്ഭുതപ്പെടുകയാണ്. ഇപ്പോഴത്തെ ഇവിടെത്തെ അവസ്ഥ കാരണം ബുദ്ധിമുട്ടാകും എന്ന ശങ്ക അവർക്കുണ്ടായിരുന്നു. എങ്ങനെയുള്ള ഡ്യൂട്ടികളായിരിക്കും തങ്ങൾക്ക് ചെയ്യേണ്ടിവരിക എന്നതിനെ സംബന്ധിച്ച് അവർ ചിന്തിച്ചിരുന്നു. എല്ലാ ജോലികളും നാം സ്വയം ചെയ്യുന്നതുകണ്ട് അവർ വിസ്മയിച്ചുപോയി. സമാധാനപരവും, സ്നേഹം വിതറുന്നതുമായ അന്തരീക്ഷം അവർ നേരിൽ കണ്ടു. അടുത്തവർഷം നിങ്ങളോടൊപ്പം ഡ്യൂട്ടി ചെയ്യാൻ ഇപ്പോഴെ ഞങ്ങളുടെ പേരെഴുതിക്കൊള്ളാനും അവരിൽ ചിലർ പറഞ്ഞു. ഇത്ര എളുപ്പമുള്ള ഡ്യൂട്ടി തങ്ങൾ ജീവിതത്തിലൊരിക്കലും ചെയ്തിട്ടില്ലെന്നും ചിലർ പറഞ്ഞു.

നമ്മൾ കണ്ടുകൊണ്ടിരിക്കുന്നതെല്ലാം അല്ലാഹുവിന്റെ അനുഗ്രഹമൊന്നുമാത്രമാണ്. ഈ നന്ദിയുടെ വിഷയം മനസ്സിലാക്കിക്കൊണ്ട് ഓരോ അഹ്മദിയും അല്ലാഹുവിനോടു നന്ദിയുള്ളവരായിരിക്കേണ്ടതാണ്. സൽക്കർമ്മങ്ങൾ ചെയ്തുകൊണ്ട് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരിൽ പങ്കുചേരേണ്ടതാണ്. അല്ലാഹു എല്ലാവർക്കും ഇതിന് തൗഫീഖ് നല്കുമാറാകട്ടെ. നന്ദിയുടെ ഫലമായി ആദ്യത്തേക്കാൾ കൂടുതൽ അല്ലാഹുവിന്റെ അനുഗ്രഹം നേടുന്നവരായിത്തീരട്ടെ. ആമീൻ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on
5.8.2005
at
Baithul Futhuh, London

**വിവ: മുഹമ്മദ് ഇസ്മായീൽ. എച്ച്.എ, ആലപ്പുഴ**
Mobile: 9895 126027; 0497 2702562

Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala